# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഏപ്രിൽ 5**

---

## ലൈബ്രറിക്ക് പുതിയ മുഖം നൽകി ഫാ. ജോൺ; ആദരവർപ്പിച്ച് സർവകലാശാല

കളക്ഷനല്ല, കണക്ഷനാണ് പ്രധാനം-കാലത്തിനൊത്ത് ലൈബ്രറികൾക്കുണ്ടാകേണ്ട മാറ്റത്തേക്കുറിച്ച് ഫാ. ജോൺ നീലങ്കാവിലിന്റെ ആശയം ഇതാണ്. ലൈബ്രറികളിലെ അന്തരീക്ഷം വായനക്കാരെ അവിടേയ്ക്ക് അടുപ്പിക്കുന്ന രീതിയിലായിരിക്കണം എന്നാണ് ഇതിന്റെ സാരം. അദ്ദേഹത്തിന്റെ ഇതേ ആശയത്തിലൂന്നിയാണ് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ലൈബ്രറി അടുത്തയിടെ മനോഹരമായി നവീകരിച്ചത്.

ബാംഗളൂർ ധർമാരം വിദ്യാ ക്ഷേത്രത്തിലെ ലൈബ്രേറിയനായ ഫാ. ജോണിന്റെ ആശയങ്ങളുടെ മികവിൽ ഇതിനോടകം രാജ്യത്ത് വിവിധ സ്ഥലങ്ങളിലായി തൊണ്ണൂറിലേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലൈബ്രറികൾ കാലോചിതമായി സജ്ജീകരിച്ചിട്ടുണ്ട്. സർവകലാശാലാ ലൈബ്രറികളിലെ സ്ഥല വിനിയോഗം സംബന്ധിച്ച ഗവേഷണത്തിന് പി.എച്ച്.ഡി നേടിയ ഇദ്ദേഹം 2003 മുതൽ ഈ രംഗത്ത് പ്രവർത്തിക്കുന്നു.

പുസ്തകങ്ങളുടെ എണ്ണത്തിനും വലിയ ബുക്ക് റാക്കുകൾക്കുമപ്പുറം അറിവന്വേഷിക്കുന്ന എല്ലാവർക്കും സ്വസ്ഥമായി ഏറെ നേരം ഇരിക്കാൻ കഴിയുന്ന രീതിയിലുള്ള അന്തരീക്ഷത്തിനാണ് പുതിയ കാലത്ത് ലൈബ്രറികൾ സജ്ജീകരിക്കുമ്പോൾ പ്രാധാന്യം നൽകേണ്ടത്. ഒരുപാട് ആശങ്ങൾ പിറക്കുന്ന സ്ഥലമെന്ന പ്രധാന്യം ലൈബ്രറികൾക്ക് നൽകാനാകണം. നവീകരിച്ച മഹാത്മാ ഗാന്ധി സർവകലാശാലാ ലൈബ്രറിയുടെ അന്തരീക്ഷം കൂടുതൽ വിദ്യാർഥികളെ ഇവിടേക്ക് ആകർഷിക്കാൻ പോന്നതാണ്-അദ്ദേഹം പറഞ്ഞു.

നവീകരണത്തിന്റെ തുടർച്ചയായി ഇന്നലെ ലൈബ്രറിയിൽ നടന്ന

അക്കാദമിക് ഓഡിറ്റ് പരിപാടിയോടനുബന്ധിച്ച് ഫാ. ജോൺ നീലങ്കാവിലിനെയും ലൈബ്രറി നവീകരണ ജോലികൾ ഏകോപിപ്പിച്ച അജിത്ത് ജോസ് കുര്യനെയും വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ആദരിച്ചു. സർവകലാശാലാ ലൈബ്രറിയിലെ നിലവിലെ സംവിധാനങ്ങൾ വിലയിരുത്തുന്നതിനും ഭാവിയിൽ ഉപകരിക്കുന്ന നിർദേശങ്ങൾ സ്വീകരിക്കുന്നതിനുമായി നടത്തിയ അക്കാദമിക് ഓഡിറ്റിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു പുഷ്പൻ, ഡോ. എ. ജോസ്, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഐക്യുഎസി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, ഡോ. ബീന മാത്യു, സെനറ്റ് അംഗം എം.എസ്. സുരേഷ്, സമീര വിജയൻ, ലൈബ്രേറിയൻ ലത അരവിന്ദ്, സി.ടി. സണ്ണി, സിജു ജോസ് എന്നിവർ സംസാരിച്ചു.

**ഫോട്ടോ ക്യാപ്ഷൻ...**
മഹാത്മാ ഗാന്ധി സർവകലാശാലയിലെ ലൈബ്രറി നവീകരണത്തിന്റെ രൂപകൽപ്പനയ്ക്ക് നേതൃത്വം നൽകിയ ഫാ. ജോൺ നീലങ്കാവിലിനെ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ആദരിക്കുന്നു. ഡോ. എ. ജോസ്, ഡോ. ബിജു പുഷ്പൻ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ലത അരവിന്ദ്, സി.ടി. സണ്ണി എന്നിവർ സമീപം.
(പി.ആർ.ഒ/39/260/2024)

## ടെക്നിക്കൽ അസിസ്റ്റൻറ്; വിജ്ഞാപനം റദ്ദു ചെയ്തു

മാഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിൽ രണ്ടു താൽക്കാലിക ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം റദ്ദു ചെയ്തു.

ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതു വരെ നിർത്തിവച്ചതായി വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ/39/261/2024)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമസ്റ്റർ എൽഎൽഎം(2021 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഏപ്രിൽ 19ന് തുടങ്ങും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/262/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ ബി.വോക് വിഷ്വൽ മീഡിയ ആൻറി ഫലിം മേക്കിംഗ്(പുതിയ സ്കീം 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറും റീഅപ്പിയറൻസും) പരീക്ഷകൾക്ക് ഏപ്രിൽ 11 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ഏപ്രിൽ 15 വരെ ഫൈനോടു കൂടിയും ഏപ്രിൽ 17 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/263/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.എസ്.സി ഇൻഫർമേഷൻ ടെക്നോളജി - മോഡൽ 3 സിബിസിഎസ്എസ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 23 മുതൽ അതത് കോളജുകളിൽ നടക്കും.

(പി.ആർ.ഒ/39/264/2024)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി സ്പേസ് സയൻസ്(പിജിസിഎസ്എസ് - 2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 19 വരെ ഓൺലൈനിൽ സമർപ്പിക്കാം.

............................

ഒന്ന്, രണ്ട് സെമസ്റ്ററുകൾ എം.എ അറബിക്, എംഎ ഹിന്ദി (പ്രൈവറ്റ് രജിസ്ട്രേഷൻ - 2014-2015 അഡ്മിഷൻ മെഴ്സി ചാൻസ്, 2016,2017,2018 അഡ്മിഷൻ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് 2015 അഡ്മിഷൻ മെഴ്സി ചാൻസ്, 2016,2017,2018 അഡ്മിഷൻ സപ്ലിമെൻററി വിദ്യാർഥികൾ ഓൺലൈനിലും 2014 അഡ്മിഷൻ വിദ്യാർഥികൾ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ടും ഏപ്രിൽ 19 വരെ സമർപ്പിക്കണം.

............................

നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആൻറ് അക്വാകൾച്ചർ(പിജിസിഎസ്എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 19 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.............................

നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി(പിജിസിഎസ്എസ് - 2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 19 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.............................

ഒന്നാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്(20142016 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2017-2018 അഡ്മിഷനുകൾ സപ്ലിമെൻററി - മെയ് 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 19 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.............................

മൂന്നും നാലും സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് പ്രൈവറ്റ് രജിസ്ട്രേഷൻ(2021 അഡ്മിഷൻ റഗുലർ - ജൂലൈ 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 19 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.............................

2023 ഒക്ടോബർ/ നവംബർ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ സിബിസിഎസ്എസ് ബിഎസ്സി, ബിബിഎ, ബിസി.എ, ബിബിഎം, ബിടിഎസ്, ബി എഫ് ടി, ബിഎസ്ഡബ്ല്യു, ബിപിഇ (മോഡൽ 3) (2009 മുതൽ 2012 വരെ അഡ്മിഷനുകൾ സെമസ്റ്റർ ഇംപ്രൂവ്മെൻറും മെഴ്സി ചാൻസും) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 18 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.............................

2023 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ(ഇൻറലക്ചൽ ഡിസെബിലിറ്റി) റഗുലർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 19 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/265/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**